**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6687** **11-07-2024 - ൽ മറുപടിയ്ക്ക്**

**മലബാർ മേഖലകളിലെ പ്ലസ് വൺ സീറ്റ് അപര്യാപ്തത സംബന്ധിച്ച പഠന റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലബാറിലെ പ്ലസ് വൺ സീറ്റ് അപര്യാപ്തത സംബന്ധിച്ച് പഠന റിപ്പോർട്ട് നൽകാൻ സർക്കാർ നിയോഗിച്ച രണ്ടംഗ സമിതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ അതിലെ ശിപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ലഭ്യമാക്കിയിട്ടുണ്ട്; 3816 ഹ്യുമാനിറ്റീസ് സീറ്റുകളുടെ കുറവും 3405 കൊമേഴ്സ് സീറ്റുകളുടെ കുറവും നികത്തുന്നതിന് മലപ്പുറത്തെ സർക്കാർ സ്കൂളുകളിൽ താൽക്കാലിക ബാച്ചുകൾ അനുവദിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ടി ശുപാർശ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് പുതിയ കോഴ്സുകളോ അധിക ബാച്ചുകളോ പുതിയ ഹയർസെക്കൻഡറി സ്കൂളുകളോ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (ബി) | ലഭ്യമാക്കിയിട്ടുണ്ട്; 3816 ഹ്യുമാനിറ്റീസ് സീറ്റുകളുടെ കുറവും 3405 കൊമേഴ്സ് സീറ്റുകളുടെ കുറവും നികത്തുന്നതിന് മലപ്പുറത്തെ സർക്കാർ സ്കൂളുകളിൽ താൽക്കാലിക ബാച്ചുകൾ അനുവദിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ടി ശുപാർശ സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | പ്ലസ് വൺ സപ്ലിമെന്ററി അലോട്ട്മെന്റുകൾ കൂടി കഴിഞ്ഞപ്പോൾ 2024-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ മലബാർ മേഖലകളിൽ നിന്ന് ഉപരിപഠനത്തിന് അർഹത നേടിയിട്ടുള്ള എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചു; ജില്ല തിരിച്ചുള്ള സീറ്റുകളും അപേക്ഷകരുടെ എണ്ണവും പ്രവേശനം നേടിയവരുടെ എണ്ണവും ഉൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കാമോ; | (സി) | സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ച് പ്രവേശനം നടന്നു വരുന്നു. പ്രവേശന നടപടികൾ പൂർത്തിയായാൽ മാത്രമേ കണക്കുകൾ കൃത്യമായി നൽകുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) | 2024-ലെ എസ്.എസ്.എൽ.സി. പൊതു പരീക്ഷയിൽ ഉപരി പഠന യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും മാർക്ക് മാനദണ്ഡമനുസരിച്ച് ആവശ്യപ്പെടുന്ന വിഷയങ്ങളിൽ ആവശ്യപ്പെടുന്ന സ്കൂളുകളിൽ പ്ലസ് വൺ കോഴ്സിന് അഡ്മിഷൻ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ? | (ഡി) | പ്ലസ് വൺ പഠനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ